**ചട്ടം 304 പ്രകാരം 22-01-2021 ന് അനുവദിച്ച**

**ഡോ.എൻ. ജയരാജ് എം.എൽ.എ.യുടെ സബ്മിഷനുള്ള മറുപടി**

നെടുങ്കുന്നം, കങ്ങഴ, വെള്ളാവൂർ (ഭാഗികം) എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് ജലശുദ്ധീകരണശാലയില്ല. ക്ലോറിനേഷൻ നടത്തി അണു വിമുക്തമാക്കിയാണ് 1mld (10 ലക്ഷം ലിറ്റർ) ശുദ്ധജലം വിതരണം ചെയ്യുന്നത്. നിലവിൽ രണ്ടാഴ്ചയിൽ ഒരിക്കൽ എന്ന നിലയിലാണ് ജലവിതരണം നടത്തി വരുന്നത്. ഈ പഞ്ചായത്തുകളിലെ 50% പ്രദേശങ്ങളിൽ മാത്രമേ ജലവിതരണ ശൃംഖല നിലവിലുള്ളു.

കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ രണ്ടാഴ്ചയിലൊരിക്കൽ ജലവിതരണം നടത്തി വരുന്നത് വാകത്താനം, കറുകച്ചാൽ, മാടപ്പള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലെ 0.3mld ജലം ഉപയോഗിച്ചാണ്. പഞ്ചായത്തിലെ 40% പ്രദേശങ്ങളിൽ മാത്രമാണ് ജലവിതരണം നടത്തി വരുന്നത്.

ജലജീവൻ മിഷൻ പദ്ധതിയിൽ (ഒന്നാംഘട്ടം) നെടുങ്കുന്നം പഞ്ചായത്തിലെ 315 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 259.8 ലക്ഷം രൂപയും കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ 235 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 125 ലക്ഷം രൂപയും കങ്ങഴ ഗ്രാമപഞ്ചായത്തിലെ 257 വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് 173.5 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മേൽപറഞ്ഞ പഞ്ചായത്തുകളെ ജല ജീവൻ മിഷൻ മുഖേന ഇതുവരെ 472 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. MLA ഫണ്ടും CSR ഫണ്ടും ലഭ്യമാക്കി പദ്ധതി ത്വരിതപ്പെടുത്താവുന്നതാണ്.

ജല ജീവൻ മിഷനിൽ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കറുകച്ചാൽ, കങ്ങഴ, നെടുങ്കുന്നം ഗ്രാമപഞ്ചായത്തുകളിൽപ്പെടുന്ന 19531 കുടുംബങ്ങൾക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ വീതം ശുദ്ധജലം എത്തിക്കുന്നതിന് വേണ്ട പദ്ധതി കോട്ടയം പ്രോജക്ട് ഡിവിഷൻ തയ്യാറാക്കിവരുന്നു.

പ്രസ്തുത പദ്ധതിയുടെ ജലസ്രോതസ്സായി ആനിക്കാട് പഞ്ചായത്തിൽപ്പെടുന്ന ഉള്ളൂർപ്പടിക്ക് സമീപം മണിമലയാറ്റിൽ കിണർ നിർമ്മിച്ച് ടി കിണറ്റിൽ നിന്നും ജലം, നെടുങ്കുന്നം പഞ്ചായത്തിൽപ്പെടുന്ന ചേലക്കൊമ്പിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 16 ദശലക്ഷം ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരണം നടത്തി നിർദ്ദിഷ്ട പഞ്ചായത്തുകളിൽ നിലവിലുള്ളവ കൂടാതെ പുതിയ ടാങ്കുകൾ കൂടി നിർമ്മിച്ച് വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്.

പദ്ധതി പ്രദേശത്ത് മുഴുവനായി വിതരണ ശൃംഖല സ്ഥാപിച്ച് എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ വഴി ശുദ്ധ ജലം എത്തിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിക്കുവേണ്ടി നെടുംകുന്നം, കങ്ങഴ പഞ്ചായത്തുകൾക്കായി ശുദ്ധീകരണശാലകൾക്ക് 180 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ടി പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് 2021 മേയ് മാസത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ വിവിധ നിർമ്മിതികൾക്കായി ആവശ്യമായ സ്ഥലലഭ്യത ഉറപ്പാക്കാൻ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടു വരുന്നു. ഈ പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ കറുകച്ചാൽ, കങ്ങഴ, നെടുംകുന്നം എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമം പൂർണ്ണമായ തോതിൽ പരിഹരിക്കുവാൻ സാധിക്കുന്നതാണ്.